പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2654 — 19-12-2012-ൽ മറുപടിക്ക്

വൈക്കം നിയോജകമണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്. | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം നിയോജക മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ചത് ഏതെല്ലാം പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകളിലൂടെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വെള്ളൂർ, മറവൻതുരുത്ത് എന്നീ പഞ്ചായത്തുകളിലെ താഴെ പറയുന്ന റോഡുകളിലൂടെയാണ് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്.<br>വെള്ളൂർ പഞ്ചായത്ത് :<br>മേവെള്ളൂർ - തോന്നക്കൽ - പുല്ലേപ്പള്ളി-പുലിമുഖം - ഇരട്ടാണിക്കടവ് - വടകര പഞ്ചായത്ത് റോഡ്, തലയോലപറമ്പ് എറണാകുളം PWD റോഡ് 100 മീ., വടകര - പാറയ്ക്കൽ PH സെന്റർ പഞ്ചായത്ത് റോഡ്, തലപ്പാറ - നീർപ്പാറ - PWD റോഡ് 200 മീ.<br><br>മറവൻ തുരുത്ത് പഞ്ചായത്ത് :<br>ചുങ്കം - ടോൾ റോഡ് - വൈക്കം - എറണാകുളം PWD റോഡ്, ടോൾ - ചെമ്മനാകിരി പഞ്ചായത്ത് റോഡ്. |

| | | | |
|---|---|---|---|
| (ബി) | ചില സ്ഥലങ്ങളിൽ സ്ഥിരമായി പൈപ്പ് പൊട്ടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ചുങ്കം - ടോൾ റോഡിൽ രണ്ട് പ്രാവശ്യം പ്രധാന പൈപ്പ് ലൈൻ പൊട്ടിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കാരണം കണ്ടുപിടിക്കുവാൻ വേണ്ട വിശദമായ അന്വേഷണം നടന്നുവരുന്നു. |
| (സി) | പൈപ്പുകൾ സ്ഥാപിക്കാൻ കുഴിക്കപ്പെട്ട റോഡുകളിൽ ഏതെല്ലാമാണ് പുനർനിർമ്മിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | പൈപ്പുകൾ സ്ഥാപിക്കുവാൻ കുഴിച്ച പഞ്ചായത്ത് റോഡുകൾ പ്രോജക്ട് കോൺട്രാക്ടർ മുഖേന നേരിട്ട് പുനർനിർമ്മിച്ച് നൽകുകയും PWD റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള തുക PWD ക്കു നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പൈപ്പുകൾ സ്ഥാപിച്ച റോഡുകൾ പുനർനിർമ്മിച്ചതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റോഡിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പ്രസ്തുത റോഡുകളിൽ പൈപ്പുകൾ സ്ഥാപിച്ചഭാഗം താഴ്ന്ന് ഗതാഗതയോഗ്യമല്ലാതായ വിവരം വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഇ) | KWA റോഡ് പുനസ്ഥാപിച്ചതിന് ശേഷം ശ്രദ്ധയിൽ പ്പെട്ട കേടുപാടുകൾ പരിഹരിച്ചു വരുന്നു. |
| (എഫ്) | പൈപ്പ് സ്ഥാപിച്ചതിനെ ത്തുടർന്ന് തകർന്ന വെള്ളൂർ, മറവൻതുരുത്ത് പഞ്ചായത്തുകളിലെ റോഡുകൾ പുനർനിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (എഫ്) | പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ